# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടി

(ഹാജർ : ശ്രീമതി.കെ.ബി.വത്സലകുമാരി)

വിഷയം: കുടുംബശ്രീ - സൂക്ഷ്മ സംരംഭങ്ങൾക്ക് രണ്ടാം ഘട്ട ധന സഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: രണ്ടാം ഘട്ട ധനസഹായം ലഭ്യമാക്കുന്നതിന് സൂക്ഷ്മ സംരംഭങ്ങളിൽ നിന്നും ലഭിച്ച അപേക്ഷകൾ

## *Order No. KS-D-6157-2013 dated. 22-04-2015*

കുടുംബശ്രീ സംവിധാനത്തിൽ സ്ഥാപിതമായിട്ടുള്ള വിവിധ സൂക്ഷ്മ സംരംഭങ്ങൾക്ക് രണ്ടാം ഘട്ട ധനസഹായം ലഭ്യമാക്കുന്നതിന് ഇതോടൊപ്പം ചേർത്തിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ചു ഉത്തരവാകുന്നു.

## സൂക്ഷ്മ സംരംഭങ്ങൾക്ക് രണ്ടാം ഘട്ട ധനസഹായം - പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ

**ഉദ്ദേശ്യം:** സൂക്ഷ്മ സംരംഭങ്ങൾക്ക് സംരംഭക കൂട്ടായ്മകൾക്കും താഴെപറയുന്ന ആവശ്യങ്ങൾക്കായി സഹായം നല്കുന്നതിനാണ് രണ്ടാം ഘട്ട ധനസഹായം ഉദ്ദേശിച്ചിട്ടുള്ളത്.

- നിലവിൽ സംരംഭകർ ഏർപ്പെടുകൊണ്ടിരിക്കുന്ന പ്രവർത്തനം അളവിലും വ്യാപ്തിയിലും വിപുലപ്പെടുത്തുവാൻ
- നിലവിൽ സംരംഭകർ ഏർപ്പെട്ടിരിക്കുന്ന പ്രവർത്തനത്തെ പുന:പരിശോധനയ്ക്ക് വിധേയമാക്കി പുതിയ പ്രവർത്തന മേഖലകളിലേയ്ക്ക് മാറ്റുന്നതിന്.

### A. സൂക്ഷ്മ സംരംഭങ്ങൾ

**യോഗ്യതാമാനദണ്ഡം:**

1) കുടുംബശ്രീയുടെ ഗ്രാമീണ സൂക്ഷ്മ സംരംഭ വികസന പദ്ധതി (ആർ.എം.ഇ) പ്രകാരമോ, യുവശ്രീ പദ്ധതി പ്രകാരമോ ആരംഭിച്ച ഗ്രൂപ്പ് സംരംഭങ്ങൾ

2) പഞ്ചായത്തിന്റെ പദ്ധതിവിഹിതം, പ്രത്യേക കേന്ദ്ര സഹായം, എസ്.ജി.എസ്.വൈ. തുടങ്ങിയ ഗവൺമെന്റിന്റെ ഏതെങ്കിലും പദ്ധതി പ്രകാരം ഫണ്ട് ലഭ്യമാക്കി ആരംഭിച്ചതും ഗ്രൂപ്പ് അംഗങ്ങൾ എല്ലാം കുടുംബശ്രീ അംഗങ്ങളായിട്ടുള്ളതുമായ സംരംഭങ്ങൾ

3) എസ്.ജെ.എസ്.ആർ.വൈ, യു.എം.ഇ, എൻ.യു.എൽ.എം പദ്ധതി പ്രകാരം ആരംഭിച്ചിട്ടുള്ള ഗ്രൂപ്പ് സംരംഭങ്ങൾ.

മേൽപറഞ്ഞ സംരംഭങ്ങൾക്ക് താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി രണ്ടാംഘട്ട ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

1) ഇപ്പോൾ നിലവിലുള്ളതും എന്നാൽ കുറഞ്ഞത് മൂന്നു വർഷക്കാലമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ സംരംഭങ്ങൾ

2) മൂന്നു വർഷത്തിലേറെ കാലമായി പ്രവർത്തിച്ചു വരുന്നതും എന്നാൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, വിപണിയിലുണ്ടായ അപ്രതീക്ഷിതമായ ഇടിവ് തുടങ്ങി സംരംഭകരുടെ നിയന്ത്രണത്തിനുവിധേയമല്ലാത്ത കാരണങ്ങളാൽ പ്രതിസന്ധി നേരിടുന്നതുമായ സംരംഭങ്ങൾ

3) രണ്ടാം ഘട്ട ധനസഹായം നല്കുന്ന സമയത്ത് ഗ്രൂപ്പിൽ അതിന്റെ രൂപീകരണ സമയത്തുണ്ടായിരുന്ന അത്രയും അംഗങ്ങൾ നിലവിലില്ലെങ്കിൽ, നിലവിലുള്ള അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി മാത്രമേ ധനസഹായം അനുവദിക്കുകയുള്ളു.

4) ഒരു സംരംഭത്തിന് ഒരു തവണ മാത്രമെ രണ്ടാം ഘട്ട ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു.

5) സംരംഭത്തിന്റെ മൊത്തം പ്രോജക്ട് തുക 10 ലക്ഷത്തിൽ കവിയാൻ പാടുള്ളതല്ല.

6) സംരംഭത്തിനു വേണ്ടി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ. തുടർ പിന്തുണാസംവിധാനം ഒരുക്കൽ, അക്കൗണ്ടിംഗ്/ഓഡിറ്റിംഗ് സഹായം നൽകൽ തുടങ്ങിയവയ്ക്കായി എം.ഇ.സി.മാരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതും എം.ഇ.സി.മാർക്കുള്ള ഓണറേറിയം എം.ഇ.സി. ഗൈഡ്ലൈൻ മാനദണ്ഡ പ്രകാരം ലഭ്യമാക്കേണ്ടതുമാണ്.

**ധനസഹായം**

രണ്ടാം ഘട്ട ധനസഹായത്തിനായി തയ്യാറാക്കപ്പെടുന്ന പ്രോജക്ട് തുകയുടെ 40% (ഒരു കുടുംബത്തിന് 35,000/- രൂപ ആകെ 3,50,000/- രൂപ എന്നീ പരിധികൾക്ക് വിധേയമായി) ഈ പദ്ധതിയിൻ കീഴിൽ സബ്സിഡി യായി നല്കാവുന്നതാണ്. ഇതിനുപുറമെ വേണ്ടിവരുന്ന തുക ബാങ്കു വായ്പ, ഗുണഭോക്തൃ വിഹിതം മറ്റു ധനസ്രോതസ്സുകൾ തുടങ്ങിയവയിലൂടെ കണ്ടെത്തേണ്ടതാണ്

**അപേക്ഷകളുടെ പരിശോധനയും അംഗീകാരം നല്കലും.**

നിശ്ചിത ഫോർമാറ്റിലൂള്ള അപേക്ഷ സി.ഡി.എസ്സും തുടർന്ന് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററും പരിശോധനയ്ക്ക് വിധേയമാക്കി അർഹത ബോധ്യപ്പെട്ട ശേഷം മാത്രമെ സംസ്ഥാന മിഷനിൽ സമർപ്പിക്കാൻ പാടുള്ളു.

സംസ്ഥാന മിഷനിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അംഗീകാരം നല്കുന്നതിന് താഴെപറയുന്നവർ അംഗങ്ങളായിട്ടുള്ള ഒരു പ്രോജക്ട് അംഗീകാര കമ്മിറ്റി ഉണ്ടായിരിക്കും.

| | |
|---|---|
| എക്സിക്യൂട്ടീവ് ഡയറക്ടർ | - അദ്ധ്യക്ഷ |
| ഡയറക്ടർ (എ & എഫ്) | - കൺവീനർ |
| പ്രോഗ്രാം ഓഫീസർ (എം.ഇ) | - അംഗം |
| അക്കൗണ്ട്സ് ഓഫീസർ | - അംഗം. |

സംസ്ഥാന മിഷനിൽ ലഭിക്കുന്ന ഓരോ അപേക്ഷയും മേൽപറഞ്ഞ കമ്മിറ്റി അംഗീകരിക്കുന്ന മുറയ്ക്ക് തുക അനുവദിച്ച് നല്കുന്നതാണ്.

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

1) പ്രോജക്ട് റിപ്പോർട്ട്
2) നിലവിലുള്ള ബാങ്ക് ലോണിന്റെ തിരിച്ചടവ് വിവരങ്ങൾ
3) ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് (മെമ്പർ സെക്രട്ടറിയോ സി.ഡി.എസ്. ചെയർപേഴ്സണോ സാക്ഷ്യപ്പെടുത്തിയത്)
4) നിലവിലുള്ള അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ
5) കഴിഞ്ഞ 6 മാസക്കാലത്തെ വരവ്-ചെലവ് കണക്കിന്റെ സ്റ്റേറ്റ്മെന്റ് (എം.ഇ.സിയോ കാസ്സ് അംഗമോ തയ്യാറാക്കിയത്)
6) ജില്ലാ മിഷനിലെ എം.ഇ. കൺസൾട്ടന്റ് അല്ലെങ്കിൽ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട്

**B. സൂക്ഷ്മ സംരംഭക കൂട്ടായ്മ**

യോഗ്യതാ മാനദണ്ഡം:- നിലവിലുള്ള കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങളുടെ കൂട്ടായ്മ അല്ലെങ്കിൽ പ്രൊഡ്യൂസർ കമ്പനിക്ക് താഴെപറയുന്ന

വ്യവസ്ഥകൾക്ക് വിധേയമായി രണ്ടാം ഘട്ട ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

1. നിലവിലുള്ളതും കഴിഞ്ഞ മൂന്ന് വർഷക്കാലമായി പ്രവർത്തിച്ചു വരുന്നതുമായ സംരംഭ കൂട്ടായ്മകൾ/ പ്രൊഡ്യൂസർ കമ്പനികൾക്ക് (ബാങ്ക് വായ്പ അല്ലെങ്കിൽ ബന്ധപ്പെട്ട പദ്ധതി പ്രകാരമുള്ള സർക്കാർ ധനസഹായം ലഭിച്ച തീയതിയുടെ അടിസ്ഥാനത്തിലായിരിക്കും മൂന്നു വർഷക്കാലയളവ് കണക്കാക്കപ്പെടുന്നത്)

2. ഒരു സംരംഭക കൂട്ടായ്മ/ പ്രൊഡ്യൂസർ കമ്പനിക്ക് ഒരു തവണ മാത്രമേ ധനസഹായം ലഭിക്കാൻ അർഹതയുണ്ടയാരിക്കുകയുള്ളു.

**പ്രോജക്ട് തുക**

സംരംഭക കൂട്ടായ്മയുടെ / പ്രൊഡ്യൂസർ കമ്പനിയുടെ മൊത്തം പ്രോജക്ട് തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടില്ല

**ധനസഹായം**

രണ്ടാം ഘട്ട ധനസഹായത്തിനായി സമർപ്പിക്കപ്പെടുന്ന പ്രോജക്ട് തുകയുടെ 40% (ഒരു കുടുംബത്തിന് 35,000/- രൂപ, ആകെ 35 ലക്ഷം രൂപ എന്നീ പരിധികൾക്കു വിധേയമായി) നല്കാവുന്നതാണ്.

ഇതിനുപുറമെ വേണ്ടി വരുന്ന തുക ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം തുടങ്ങിയവയിലൂടെ കണ്ടെത്തേണ്ടതാണ്.

**അപേക്ഷകളുടെ പരിശോധനയും അംഗീകാരം നല്കലും**

നിശ്ചിത ഫോർമാറ്റിലുള്ള അപേക്ഷ സി.ഡി.എസ്സും തുടർന്ന് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററും പരിശോധനയ്ക്ക് വിധേയമാക്കി അർഹത ബോധ്യപ്പെട്ട ശേഷം മാത്രമെ സംസ്ഥാന മിഷനിൽ സമർപ്പിക്കുവാൻ പാടുള്ളു.

സംസ്ഥാന മിഷനിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അംഗീകാരം നല്കുന്നതിന് താഴെപറയുന്നവർ അംഗങ്ങളായിട്ടുള്ള ഒരു പ്രോജക്ട് അംഗീകാര കമ്മിറ്റി ഉണ്ടായിരിക്കും.

എക്സിക്യൂട്ടീവ് ഡയറക്ടർ - അദ്ധ്യക്ഷ
ഡയറക്ടർ (എ & എഫ്) - കൺവീനർ

പ്രോഗ്രാം ഓഫീസർ (എം.ഇ) - അംഗം
അക്കൗണ്ട്സ് ഓഫീസർ - അംഗം.

ഇതിനുപുറമെ, സാങ്കേതിക ഉപദേശം നല്കുന്നതിന് ആവശ്യമെങ്കിൽ വിദഗ്ദ്ധരെ കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിന് അദ്ധ്യക്ഷയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

സംസ്ഥാന മിഷനിൽ ലഭിക്കുന്ന ഓരോ അപേക്ഷയും മേൽപറഞ്ഞ കമ്മിറ്റി അംഗീകരിക്കുന്ന മുറയ്ക്ക് തുക അനുവദിച്ച് നല്കുന്നതാണ്.

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

1) പ്രോജക്ട് റിപ്പോർട്ട് (നിലവിലുള്ളതും പുതുതായി തയ്യാറാക്കിയതും)
2) ബാങ്ക് ലോൺ അനുവദിച്ചുകൊണ്ടുള്ള കത്ത്
3) നിലവിലുള്ള ബാങ്ക് വായ്പ തിരിച്ചടവ് വിവരങ്ങൾ
4) ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് (മെമ്പർ സെക്രട്ടറിയോ സി.ഡി.എസ്. ചെയർപേഴ്സണോ സാക്ഷ്യപ്പെടുത്തിയത്)
5) പ്രോജക്ടിന് അംഗീകാരം നല്കിക്കൊണ്ടുള്ള സംരംഭക കൂട്ടായ്മ/ പ്രൊഡ്യൂസർ കമ്പനിയുടെ ഭരണ സമിതി തീരുമാനം
6) അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ.
7) കഴിഞ്ഞ ആറുമാസക്കാലത്തെ വരവ് ചെലവ് കണക്കിന്റെ സ്റ്റേറ്റ്മെന്റ് (എം.ഇ.സിയോ കാസ് അംഗമോ തയ്യാറാക്കിയത്)
8) ജില്ലയിലെ എം.ഇ. കൺസൾട്ടന്റ് അല്ലെങ്കിൽ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട്.

**C. കുടുംബശ്രീ മിഷന്റെ മുൻകൈയിൽ ആരംഭിച്ച പദ്ധതികൾ**

കുടുംബശ്രീ മിഷന്റെ മുൻകൈയിൽ ആരംഭിച്ച സമഗ്ര ഉൾപ്പെടെ ഏതു പ്രോജക്ടുകളുടേയും വിപുലീകരണത്തിനും പുനസംഘാടനത്തിനും രണ്ടാം ഘട്ട ധനസഹായ ഫണ്ട് വിനിയോഗിക്കാവുന്നതാണ്. കൂടാതെ, കുടുംബശ്രീ മിഷന്റെ ഏതെങ്കിലും പ്രത്യേക സംരംഭങ്ങൾ (ഉദാ: ക്യാന്റീൻ/കാറ്ററിംഗ്, കുടുംബശ്രീ ട്രാവൽസ്, കഫേശ്രീ തുടങ്ങിയവ) നേരിടുന്ന പ്രതിസന്ധിയെ സംബന്ധിച്ച വിശദമായ പഠനത്തിന്റെയും വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ അത്തരം പ്രതിസന്ധിയെ മറികടക്കുന്നതിനു വേണ്ടിയും രണ്ടാംഘട്ട ധനസഹായം വിനിയോഗിക്കാവുന്നതാണ്. ഇങ്ങനെ നല്കുന്ന

ഫണ്ടിന്റെ പരിധിയും പ്രയോഗവും എങ്ങനെയെന്നത് കുടുംബശ്രീ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായിരിക്കും.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
സംസ്ഥാനമിഷനിലെ എല്ലാ സെക്ഷനുകൾക്കും
എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും,
എല്ലാ സിഡിഎസുകൾക്കും (ഡിഎംസി മുഖേന)
എല്ലാ എഡിഎസ്- അയൽക്കൂട്ടങ്ങൾക്കും (സിഡിഎസ് മുഖേന)
എല്ലാ എം.ഇ.സി മാർക്കും ( ജില്ലാമിഷൻ മുഖേന)

അംഗീകാരത്തോടെ,

അക്കൗണ്ട്സ് ഓഫീസർ